## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :676** **04.02.2020-ൽ മറുപടിക്ക്**

### നെയ്യാറ്റിൻകര മണ്ഡലത്തിലെ സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ

**ചോദ്യം**

**ശ്രീ.കെ. ആൻസലൻ**

**മറുപടി**

**ശ്രീ.കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ആറയൂർ സർവ്വീസ് സഹകരണ ബാങ്ക്, പൊൻവിള സർവ്വീസ് സഹകരണ ബാങ്ക് എന്നീ ബാങ്കുകളിൽ നടന്ന ക്രമക്കേടുകളുമായി ബന്ധപ്പെട്ട അന്വേഷണം പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ആറയൂർ സർവ്വീസ് സഹകരണ ബാങ്കിൽ സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടുണ്ട്. പൊൻവിള സർവ്വീസ് സഹകരണ ബാങ്കിൽ അന്വേഷണം നടത്തിയിട്ടില്ല. |
| (ബി) | അന്വേഷണത്തിൽ ഏതൊക്കെ തരത്തിലുള്ള ക്രമക്കേടുകൾ ആണ് കണ്ടെത്തിയത് എന്ന് വിശദമാക്കുമോ; | (ബി) | ആറയൂർ സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന അന്വേഷണത്തിൽ മുൻകൂർ അനുമതിയില്ലാതെ ആസ്തികൾ ആർജ്ജിച്ചത്, അംഗീകാരമില്ലാതെ എം.ഡി.എസ് ആരംഭിച്ചത്, അഡ്വാൻസ് തുകകൾ നൽകിയിട്ടുള്ളത്, ലൈസൻസ് ഇല്ലാതെ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നത്, ആസ്തി ബാദ്ധ്യതകൾ തമ്മിലുള്ള അന്തരം ക്രമാതീതമായി വർദ്ധിച്ചത്, ഫണ്ട് വകമാറ്റി ചെലവഴിച്ചത്, 'സി' ക്ലാസ് അംഗത്വം നൽകി ജീവനക്കാർക്ക് എം.ഡി.എസ്. നൽകിയത്, പ്രവർത്തന പരിധിക്ക് പുറത്ത് അംഗത്വം നൽകി വായ്പാ വിതരണം, സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലറുകൾക്ക് വിരുദ്ധമായി അധിക പലിശ നൽകൽ, താൽക്കാലിക നിയമനം, മതിയായ തരളധനം സൂക്ഷിക്കാത്ത നടപടി, വായ്പാ വിതരണത്തിലെ ക്രമക്കേടുകൾ എന്നിവയാണ് കണ്ടെത്തിയിട്ടുള്ളത്. |
| (സി) | ഏതു വർഷം മുതലാണ് ക്രമക്കേടുകൾ കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ? | (സി) | ആറയൂർ സർവ്വീസ് സഹകരണ ബാങ്കിൽ 01/04/2013 മുതൽ 31/03/2018 വരെയുള്ള കാലയളവിലെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ